13-ാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 6641

09.07.2014-ൽ മറുപടിയ്ക്ക്

## സിൽക്കിൽ നിന്നും വിരമിച്ചവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | ചേർത്തല സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ നിന്നും 2013-14 വർഷങ്ങളിൽ പിരിയുന്ന ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി വരുന്ന തുക സിൽക്ക് കണ്ടെത്തുമെന്ന് സർക്കാർ ഉറപ്പുപറഞ്ഞിരിന്നിട്ടും 2013 നവംബർ മാസത്തിൽ ഈ സ്ഥാപനത്തിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാത്തത് എന്തു കൊണ്ടാണെന്നു പറയാമോ ; അടിയന്തരമായി ഈ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ; | (എ) | സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ ഫണ്ടിന്റെ കുറവുമൂലം പിരിയുന്ന ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | ഈ കാലയളവിൽ പിരിഞ്ഞ ജീവനക്കാർക്ക് 2013 ജൂലൈ മാസം സർക്കാർ അനുവദിച്ച ഡി.എ. വർദ്ധനവ് കൂടി ഉൾപ്പെടുത്തി ഗ്രാറ്റുവിറ്റി കണക്കാക്കി നൽകുമോ ? | (ബി) | 2013 ജൂലൈ മാസം സർക്കാർ അനുവദിച്ച ഡി.എ വർദ്ധനവ് 01.01.2014 മുതൽ സിൽക്കിലെ ജീവനക്കാർക്ക് അനുവദിച്ച് നൽകാൻ സിൽക്ക് ബോർഡ് യോഗം തീരുമാനമെടുത്തെങ്കിലും വർധിപ്പിച്ച ഡി. എ ഫണ്ടിന്റെ കുറവുമൂലം വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ